Santhigiri

ഉമ്മിണിതങ്കം

VOL 05 | ISSUE 11 | 2019 മാർച്ച് 17 | 1194 മീനം 03

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

ഗുരുവാണി

"ദൈവം നിങ്ങളോട് എപ്പോഴും കനിവുകാണിക്കുന്നു. ആ കനിവിനെ നിങ്ങൾ തികച്ചും പൂർത്തിയാക്കിക്കൊണ്ട് ഉലകത്തിന്റെ നന്മയ്ക്കുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ നിങ്ങൾക്കു കഴിയണം".

# ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങൾ

# പ്രണവപത്മം പുരസ്കാരം മോഹൻലാലിന്

**തിരുവനന്തപുരം :** ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ 'പ്രണവപത്മം' പുരസ്കാരത്തിന് പ്രശസ്ത ചലച്ചിത്രനടൻ മോഹൻലാൽ അർഹനായി. ഒരുലക്ഷം രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. മാർച്ച് 25ന് വൈകിട്ട് 6 മണിക്ക് ആശ്രമത്തിൽ നടക്കുന്ന ചടങ്ങിൽ നേപ്പാൾ മുൻ പ്രധാനമന്ത്രിയും നേപ്പാൾ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപക നേതാവുമായ ജാലാനാഥ് ഖനൽ പുരസ്കാരം മോഹൻലാലിന് സമ്മാനിക്കും.



ചലച്ചിത്ര സംവിധായകനും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി, സാഹിത്യകാരൻ ഡോ.ജോർജ് ഓണക്കൂർ, സംവിധായകനും നടനുമായ കെ.മധുപാൽ, സരസ്വതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ ജി.രാജ്മോഹൻ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാരം നിർണ്ണയിച്ചത്. ചലച്ചിത്രരംഗത്തും സാംസ്കാരിക ജീവകാരുണ്യരംഗത്തും മോഹൻലാലിന്റെ സമഗ്ര സേവനങ്ങൾ മാനിച്ചാണ് പുരസ്കാരം നൽകുന്നതെന്ന് ജൂറി അംഗങ്ങൾ പത്രസമ്മേളനത്തിൽ അറിയിച്ചു. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, ആശ്രമം അഡ്വൈസറി കമ്മറ്റി ഡെപ്യൂട്ടി ജനറൽ കൺവീനർ സബീർ തിരുമല, തിരുവനന്തപുരം സിറ്റി ഏരിയ അസിസ്റ്റന്റ് ജനറൽ മാനേജർ എസ്.സേതുനാഥ് എന്നിവരും പങ്കെടുത്തു.

# വജ്രജൂബിലി ആഘോഷങ്ങൾ : 'പ്രിയത' സ്ത്രീകളുടെ സമ്പൂർണ്ണ ആരോഗ്യ സംരക്ഷണ പദ്ധതിക്ക് തുടക്കമായി

**സ്പിരിചൽ സോൺ :** ശാന്തിഗിരി ആശ്രമത്തിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'പ്രിയത' എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന സ്ത്രീകളുടെ സമ്പൂർണ്ണ ആരോഗ്യ സംരക്ഷണ പദ്ധതിക്ക് തുടക്കമായി. മാർച്ച് 14 വ്യാഴാഴ്ച സ്പിരിച്ചൽ സോൺ കോൺഫറൻസ് ഹാളിൽ വച്ച് സൂഫി സംഗീതജ്ഞയും ചലച്ചിത്ര പിന്നണി ഗായികയുമായ ഷബ്നം റിയാസ് പദ്ധതി ഉദ്ഘാടനം ചെയ്തു. ആർട്സ് & കൾച്ചർ ഡിപാർട്ട്മെന്റ് ഹെഡ് ജനനി സുപഥ ജ്ഞാനതപസ്വിനി അദ്ധ്യക്ഷത വഹിച്ചു. മാതൃമണ്ഡലം ഇൻചാർജ് ജനനി പ്രമീള ജ്ഞാനതപസ്വിനി മഹനീയ സാന്നിദ്ധ്യമായിരുന്നു. ശാന്തിഗിരി ഹെൽത്ത് കെയർ & റിസർച്ച് ഓർഗനൈസേഷൻ മെഡിക്കൽ സൂപ്രണ്ട് ഡോ.ബി. രാജ്കുമാർ പദ്ധതിയെ കുറിച്ച് വിശദീകരിച്ചു.



*'പ്രിയത' പദ്ധതി ഗായിക ഷബ്നം റിയാസ് ഉദ്ഘാടനം ചെയ്യുന്നു*

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ഡോ.സി.ഡി ലീന, സമദ് ഹോസ്പിറ്റലിലെ ഗൈനക്കോളജിസ്റ്റ് ഡോ.കെ.എൻ. ശ്രീകുമാരി. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ ഡെപ്യൂട്ടി അഡ്വൈസർ എ. രാധമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രസ്തുത ചടങ്ങിൽ ശാന്തിഗിരി വിദ്യാഭവൻ റിട്ട.അദ്ധ്യാപിക എ.ജി സരോജിനി അമ്മയെ (ടീച്ചറമ്മ)ആദരിക്കുകയുണ്ടായി. തുടർന്ന് 'സ്ത്രീ ആരോഗ്യ സംരക്ഷണം' എന്ന വിഷയത്തെ ആസ്പദമാക്കി കൊല്ലം ഡെപ്യൂട്ടി ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ ഡോ.സന്ധ്യാ ആർ കിരൺ, കിഴുവിലം ഗവൺമെന്റ് ആയുർവേദ ആശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. സി. ശിവകുമാരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. 170 പേർ പങ്കെടുത്തു. ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ.എൻ. ജയശ്രീ സ്വാഗതം ആശംസിച്ച ചടങ്ങിന് ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ വനിത ചെയർപേഴ്സൺ ഡോ. ജാക്വിലിൻ എസ്.എൽ നന്ദി പ്രകാശിപ്പിച്ചു.

സ്ത്രീ സമൂഹം നേരിടുന്ന ഒട്ടനവധി ശാരീരിക, മാനസിക ആരോഗ്യ പ്രശ്നങ്ങളെ ആയുർവേദത്തിലൂടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷനും ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയും ചേർന്ന് ശാന്തിഗിരി ആശ്രമത്തിലെ സ്ത്രീകളുടെ കൂട്ടായ്മയായ ശാന്തിഗിരി മാതൃമണ്ഡലത്തിന്റെയും പെൺകുട്ടികളുടെ കൂട്ടായ്മയായ ശാന്തിഗിരി ഗുരുമഹിമയുടെയും സഹകരണത്തോടുകൂടി കേരളത്തിലുടനീളം ഒരു വർഷം നീണ്ടുനിൽക്കുന്ന ബൃഹത്തായ ആരോഗ്യ സംരക്ഷണ പദ്ധതിക്ക് തുടക്കം കുറിച്ചത്. ബാല്യം മുതൽ 17 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് സ്കൂളുകളിലും, കോളേജുകളിലും പ്രത്യേകം ടോയ്ലറ്റ് സൗകര്യമുള്ള ഒരു മുറി തയ്യാറാക്കുക, പെൺകുട്ടികൾക്കും അമ്മമാർക്കുമായി പ്രത്യേക കൗൺസിലിംഗും അവബോധ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക, ഗർഭിണികൾക്കും പ്രസവിച്ചവർക്കും വേണ്ടിയുള്ള പ്രത്യേക ചികിൽസാ പദ്ധതി നടപ്പിലാക്കുക, ആർത്തവവിരാമത്തിനും അതിനു ശേഷവുമുള്ള ശാരീരിക-മാനസിക പ്രശ്നങ്ങളെ ആയുർവേദത്തിലൂടെ പരിഹരിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

# ഗുരുവാണി

ലോകത്ത് ജനങ്ങൾ ജീവിക്കാൻ തുടങ്ങിയ കാലം മുതൽ നല്ലതും ചീത്തയും വിവേചിക്കുന്ന രീതിയുണ്ട്. നല്ലതെന്നു നാം വിവക്ഷിക്കുന്നത് എന്തിനെയാകാം? ചിലർ പാട്ടുപാടിയാൽ മധുരതരമായിരിക്കും. ചിലരുടെ ആലാപനത്തിൽ അതില്ല. ചില സംഗീതവിദ്വാന്മാർ പാടുന്നതിനേക്കാൾ ഇമ്പമായി തെരുവുപിള്ളേർ പാടും. ശബ്ദമാധുര്യമുണ്ടെങ്കിൽ ക്ഷോഭിച്ചാൽപ്പോലും ആർക്കും അനിഷ്ടം തോന്നുകയില്ല. തമിഴ് ഭാഷ ഇമ്പമാർന്നതാണ്. തമിഴിലെ പാട്ടുകേട്ടാൽ ഭക്തി വർദ്ധിക്കും.

ആദിമകാലം തൊട്ടേ നല്ലതും ചീത്തയും തിരിക്കാൻ ശ്രമിച്ചുപോന്നിട്ടുണ്ട്. ഈ ഭൂമിയും അതിലെ ജീവജാലങ്ങളും ആവിർഭവിച്ച കാലവുമായി താരമത്യം ചെയ്യുമ്പോൾ വളരെ ചെറിയ ഒരു കാലയളവേ ആയിട്ടുള്ളൂ മനുഷ്യജീവിതത്തിന്റേത്. കാലാന്തരങ്ങളുടെ ഗതിവിഗതികളെ പരിശോധിച്ചു നോക്കിയാൽ ഇപ്പോഴുള്ളതിനേക്കാൾ എത്രയോ ഉയർന്ന സംസ്കാരം പല കാലങ്ങളിലും നിലനിന്നതായി കാണാം. കാലത്തിന്റെ മാറ്റം കൊണ്ട് സംസ്കാരത്തിനു മാറ്റം വരാം. പരിതസ്ഥിതിയും സംസ്കാരത്തിന്റെ സൂചകങ്ങളാകാറുണ്ട്. മനുഷ്യൻ എത്തിപ്പെടുന്ന സാഹചര്യത്തിന് അനുസൃതമായി അവന്റെ ഗുണവും മാറും. പക്ഷേ കാലത്തിനും ദേശത്തിനും സാഹചര്യത്തിനും അനുസരിച്ച് മാറാത്ത സംസ്കാരമുണ്ട്. അതാണ് യഥാർത്ഥ സംസ്കാരം. ആ സംസ്കാരം വർത്തമാനജീവിതത്തിൽ മനസ്സിനു പരിവർത്തനം വരുത്താൻ കഴിവുള്ളതാണ്. മാനസികപരിവർത്തനം പണം കൊണ്ടുവരാം; അറിവും ശീലവും കൊണ്ടും വന്നു ചേരാം.

നിങ്ങൾ ആശ്രമത്തിൽ വരികയും പോവുകയും ചെയ്യുന്നത് എന്തിനുവേണ്ടിയാണെന്ന് ചിന്തിക്കണം. അൻപതു ലക്ഷം ജനങ്ങളുടെ ഇടയിൽ ചിലപ്പോൾ അൻപത് ആശ്രമങ്ങൾ വന്നെന്നിരിക്കാം. ഈ ആശ്രമങ്ങളിൽതന്നെ വന്നുപോകുന്ന ജനങ്ങളോ, വളരെ കുറച്ചൊരു ശതമാനം മാത്രം. അതുതന്നെ അവരുടെ വാസനയ്ക്കൊത്ത ആവശ്യങ്ങൾ മുൻനിർത്തി. ചിലർ നേതാവാകാൻ, ചിലർ മോഷ്ടിക്കാൻ, മറ്റു ചിലർ ഏമാളിയാകാനായിരിക്കും വരുന്നത്.

ഇങ്ങനെ ഓരോ വാസനയും വാസനയ്ക്കൊത്ത ചേർച്ചയും വന്നുചേരാൻ കാരണമെന്താണെന്നു നാം ചിന്തിക്കണം. വളരെ സൂക്ഷിക്കുന്നവർക്കേ ഇതു മനസ്സിലാകൂ. ഓരോ സ്ഥലത്തും ഓരോ രീതിയിലുള്ള സംസ്കാരം. രാജ്യം മുഴുവൻ നല്ലതിനെ ആഗ്രഹിക്കുന്നു. ഭരണകൂടവും ആഗ്രഹിക്കുന്നത് നല്ലതു തന്നെ. പക്ഷേ നല്ലതു മതിയാവോളം എത്തിച്ചേരുന്നില്ല. എന്നാൽ തേച്ചു തേച്ചു നല്ലതാക്കാൻ കഴിയും, പരുപരുത്ത കല്ലിനെ ഉരച്ചുരച്ച് മിനുസപ്പെടുത്തുന്നതു പോലെ.

എല്ലാത്തരത്തിലും വിഷമമുള്ളതാണ് മനുഷ്യജീവിതം. ആശ്രമധർമ്മം അനുസരിച്ച് ജീവിക്കുക എന്നത് അതിലും വിഷമം. അഞ്ചു ധർമ്മങ്ങളെപ്പറ്റി മുമ്പു സൂചിപ്പിച്ചല്ലോ. അതിൽ ആശ്രമ ജീവിതത്തിന് ഉതകുന്നത് എവിടം മുതൽ ശരിയാകണം? രണ്ടു നാലു വിധത്തിലുള്ള ആശ്രമജീവിതമുണ്ട്. ആരോരുമില്ലാതെ കഷ്ടപ്പെട്ട്, ഒരു നേരത്തെ ആഹാരത്തിനു പോലും നിവൃത്തിയില്ലാതെ ആശ്രമത്തിൽ വരുന്നവർ. ആഹാരമുണ്ടെങ്കിലും മറ്റെന്തോ ആഗ്രഹിച്ച് സഫലമാകാതെ ആശ്രമത്തിൽ വരുന്നവർ. താടിയും വളർത്തി കുത്തിയിരുന്ന് ഒരു സന്ന്യാസി ചെയ്യുന്നതിനേക്കാൾ എത്രയോ ഇരട്ടി ചെയ്യുന്നവരുണ്ട്. ഇതൊന്നും പക്ഷേ മറ്റുള്ളവർ കാണുന്നില്ല. അവരും കാണുന്നില്ല. എന്നാൽ ഇതൊക്കെ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്ന നമുക്ക് ഒരു ചിന്ത വേണം. സാഹചര്യം കൊണ്ട് എത്രയോ വലിയവരും തെറ്റിപ്പോകാറുണ്ട്. അങ്ങനെ തെറ്റിക്കുന്ന സാഹചര്യങ്ങളെ അതിജീവിക്കാനും ആശ്രമ ജീവിതത്തിനു പറ്റിയതിനെ മാത്രം സ്വീകരിക്കാനും കഴിയണം. ഇതൊന്നും അത്ര പെട്ടന്ന് നേടിയെടുക്കാവുന്ന ധന്യതകളല്ല. ആശ്രമജീവിതത്തിൽ തികഞ്ഞ ഒരു ലക്ഷ്യബോധമുണ്ടെങ്കിൽ എന്തുവന്നാലും ലക്ഷ്യത്തിനൊത്തേ പ്രവർത്തിക്കൂ എന്ന വാശിയുണ്ടെങ്കിൽ ഒന്നും പ്രവർത്തിക്കാനില്ലെങ്കിലും പ്രവർത്തിച്ചു ശൂന്യമായിപ്പോവുകയില്ല. ഒന്നിനെ തല്ലിപ്പുറത്താക്കാൻ വളരെ കുറച്ചു സമയമേ വേണ്ടൂ. പക്ഷേ അതിനെ വളർത്തിയെടുക്കാൻ ആ സമയമൊന്നും പോരല്ലോ.

വിശപ്പ് വൈരാഗ്യം കൊണ്ട് നശിപ്പിച്ചാൽ പിശാചാകും. ഈ വൈരാഗ്യസംസ്കാരം എവിടെ നിന്നു പകർന്നു എന്നും നാം മനസ്സിലാക്കണം. ഇതൊന്നുമല്ലാത്ത കഷ്ടപ്പാടുണ്ട്. വഴിനീളെ കിടന്ന് കഷ്ടപ്പെട്ട്, സകലദു:ഖങ്ങളും വരിച്ച്, ഭൂമിയെ തറവാടായി സ്വീകരിക്കുന്ന ജീവിതം. അതാണ് ത്യാഗം. ത്യാഗി കഷ്ടപ്പാടിനെ ജീവിതസുഖമായി എണ്ണുന്നവനാണ്. ആശ്രമജീവിതത്തിൽ ആഗ്രഹിക്കേണ്ടതും വരിക്കേണ്ടതും ത്യാഗത്തെയാണ്.

## വചനദീപ്തി

*പുസ്തകം വായിച്ചു വായിച്ചു ലോകം തുലഞ്ഞു ജ്ഞാനി–*
*യായില്ലൊരുവനും*
*സ്നേഹത്തിൻ രണ്ടക്ഷരം പഠിപ്പോർ താൻ ജ്ഞാനി–*
*യായിടുമോർക്കണം*

**കബീർദാസ്**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2019 മാർച്ച് 22

**ശാന്തിപുരം, രത്നഗിരി, സ്നേഹപുരം**

## യാമപ്രാർത്ഥന

2019 മാർച്ച് 21, വ്യാഴം – 3 pm – 6 pm



# എന്നും നമിക്കുന്ന പുണ്യഭൂമി

മന്വന്തരങ്ങളുടെ കാലസരണിയിലും കാലാന്തരത്തിലും പെട്ടുവരുന്ന ഓരോ മഹാന്മാരും അവസ്ഥാന്തരരൂപത്തിൽ ജന്മാന്തരപ്പടവുകൾ കൊണ്ടും അതിൽ വരുന്ന സുകൃതമായ ഭാഗവും അതിന്റെ മറ്റൊരു വശവും ആത്മീയതലത്തിന്റെ ഏതെല്ലാം മേഖലകളിൽ എത്തിനിന്നു വിലസുന്നു എന്ന് നമുക്കു പറഞ്ഞൊതുക്കാൻ പറ്റാത്തൊരു വിശേഷവിധിയിൽപ്പെടുന്നതാണ്. 74–ൽ ഞാനിപ്പോൾ ഇരിക്കുന്നിടത്ത് ഇരുന്നുകൊണ്ടു തന്നെ ധ്യാനം ചെയ്തപ്പോൾ, ആ പ്രാർത്ഥനാസ്വഭാവത്തിൽ കണ്ട അനുഭവം ഇങ്ങനെയായിരുന്നു. ഈ ലോകം എന്നും നമിക്കുന്ന ഏറ്റവും വലിയ ഒരു പുണ്യഭൂമിയായി ഇതു തീരുമെന്ന്. മന്വന്തരങ്ങളുടെ ഇടയിൽ നിന്നും വരുന്ന ഏതെല്ലാം സങ്കല്പാതീത ശക്തികളുണ്ടോ, ഗുരുക്കന്മാരുണ്ടോ, ഗുരുവര്യന്മാരുണ്ടോ അവരെല്ലാം തന്നെ മുക്തിയടയുന്ന ഒരു സ്വഭാവത്തിൽ നിന്ന് വണങ്ങി നിൽക്കുന്നതായിട്ടാണ്. അത് എത്രയോ കോടി സൂര്യന്റെ ഒരുമിച്ചുള്ള പ്രകാശത്തിൽ വലയം ചെയ്തു നിൽക്കുന്നു. ആ സന്ദർഭത്തിൽ ആ പ്രകാശതരംഗങ്ങൾ ലോകത്തിൽ ആകമാനം പടരുന്നു. സൗരയൂഥങ്ങളും അതിന് എത്രയോ മടങ്ങുകൾ കടന്നിട്ടുള്ള പ്രകാശവലയം, സൂക്ഷ്മതലങ്ങളിലേക്കു പോകുന്ന ദീർഘവീക്ഷണമായിരുന്നു ആ പ്രകാശം. അങ്ങനെ പലതും സങ്കല്പം ചെയ്തു നിർത്തിയിരിക്കുന്നു.നമ്മുടെ സങ്കല്പത്തിൽ ഇന്നു നമ്മൾ ചെയ്യുന്നതെല്ലാം സൂക്ഷിച്ചും അറിഞ്ഞും കണ്ടും ചെയ്തെടുക്കേണ്ട ഒരു പുണ്യഭൂമിയായി നാം ഇവിടെ കാണണം. കാലദേശങ്ങൾക്കതീതമായി ഓരോ യുഗപരിവർത്തനവും മന്വന്തരങ്ങളിലേക്ക് പോകുന്നു. അത് നമ്മുടെ സങ്കല്പങ്ങളുടേതായി മാറാനും ആ സങ്കല്പം ഗുരുശിഷ്യബന്ധത്തിന്റെ സ്വത്തായി മാറ്റിയെടുക്കാനുമുള്ള ഒരു പാതയാണ് നാം ഒരുക്കേണ്ടത്.

ഗുരുവും ശിഷ്യനും എന്നുള്ള ബന്ധം അനുഭവം കൊണ്ട് സാക്ഷ്യപ്പെടുത്തുമ്പോൾ,

"അനുഭവമാദിയിലൊന്നിരിക്കിലല്ലാ–
തനുമതിയില്ലിതു മുന്നമക്ഷിയാലേ"

എന്നു പറയുന്ന ഭാഗത്ത് എത്തിനിന്ന് വിലസുന്ന പ്രകാശവും പ്രകാശസ്ഫുരണങ്ങളും അവർണനീയമായ ആ ശോഭയിൽ നിന്നു വിളങ്ങുന്ന രംഗം എത്രയോ ദീർഘവീക്ഷണത്തോടുകൂടി ഗുരു പ്രകാശവലയത്തിൽ കാണിച്ചുതന്നു. അങ്ങനെയുള്ള മഹിമ നമുക്ക് എടുക്കാനും ഈ നാടിനും ലോകത്തിനും അത് പകരാനും നമ്മളുടെ സങ്കല്പശേഷി അതായിത്തീരാനും എല്ലാവരും ഒരുമിച്ച് പ്രാർത്ഥിച്ച് വേണ്ടതൊക്കെ ചെയ്തെടുക്കണം.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# വിധിവിഹിതമായ വിമോചനമാർഗ്ഗം

ഏതു സംസ്കാരമായാലും അതിന് ആസ്പദമായ ഒരു ആശയമുണ്ടായിരിക്കും. പ്രചോദനത്തിന്റെ പ്രഭവമായും, ശുദ്ധീകരണമെന്ന ആത്മീയ രാസപ്രക്രിയയിൽ രാസത്വരകമായും. അന്തിമഫലത്തെ കാത്തുസൂക്ഷിക്കുന്ന രക്ഷാകവചമായും ഒരേ സമയം വർത്തിക്കാനാവുന്ന ഒരു ആശയം ആയിരിക്കണം അത്. ദൈവനിശ്ചയത്തിന് അനുരൂപവും അനുഗുണവും ആയിരിക്കുകയാൽ പ്രകൃതിയുടെ ആനുകൂല്യവും സംരക്ഷണവും അതിനു ലഭ്യമായിരിക്കും. ശാശ്വതമൂല്യങ്ങളെ ആസ്പദീകരിച്ചുള്ള സംസ്കാരങ്ങളുടെ അടിവേരുകൾ തേടിയാൽ ചെന്നെത്തുക നിത്യവിശുദ്ധമായ ഒരു ആശയത്തിന്റെ ആധികാരികമായ ആധാരതലത്തിലായിരിക്കും.

രാജ്യങ്ങൾ സൈനികശക്തികളുടെ കിടമത്സരത്തിൽ യുദ്ധങ്ങളെ ഉപാധികളും മാർഗവുമാക്കുമ്പോൾ വളരുന്ന സംസ്കാരം യുദ്ധത്തിന്റെ സംസ്കാരമായിരിക്കും. അതിന്റെ ഫലമായി രാജ്യങ്ങൾ പരസ്പരം അവിശ്വസിക്കാനും വെറുക്കാനും തുടങ്ങുന്നു. രാജ്യമെന്നുപറയുമ്പോൾ രാജ്യവാസികളായ ജനങ്ങൾതന്നെയാണു വിവക്ഷിക്കപ്പെടുന്നത്. പരസ്പരം ആക്രമിച്ച് കീഴടക്കാൻ ശ്രമിക്കുമ്പോൾ കൂടുതൽ ശക്തമായ രാജ്യം ദുർബലരാജ്യങ്ങളെ കീഴടക്കുന്നു. അവിടങ്ങളിൽ നിലനിന്ന സംസ്കാരങ്ങളെയും ശീലങ്ങളെയും ഉഴുതുമറിച്ച് ജേതാവിന്റെ സംസ്കാരത്തിന്റെ വിത്തുപാകുന്നു. കീഴടക്കപ്പെട്ടവർ മനസ്സില്ലാമനസ്സോടെയെങ്കിലും പുതുതായി വന്നതിനെ സ്വീകരിക്കാൻ നിർബന്ധിതരാകുന്നു. പീഡനവും ഹിംസയും ഭയന്നാണ് ഇപ്രകാരം പുതുസംസ്കാരങ്ങൾ സ്വീകരിക്കപ്പെടുന്നത്. കലയും സാഹിത്യവും വാസ്തുവിദ്യയും മാത്രമല്ല മതങ്ങൾ പോലും ഇപ്രകാരം പ്രചരിച്ചതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. പൈശാചികപ്രേരണയാൽ കഠോരകർമ്മങ്ങളിൽ ഏർപ്പെട്ട് കർമദോഷത്തിന്റെ കരുതൽശേഖരം പൈതൃകമാക്കിയ സമൂഹം വെളിച്ചത്തിനുവേണ്ടി ഇരുട്ടിൽ തപ്പുന്നു. ഇരുട്ടിന്റെ ശക്തികൾ സമൂഹത്തെ നയിക്കാൻ സജ്ജമായി നിൽക്കുന്നു. വിമോചനത്തിന്റെ പ്രകാശം ലേസർരശ്മികൾ പോലെ ഇരുട്ടിന്റെ കോട്ടകൾ തകർത്തു തരിപ്പണമാക്കുമ്പോൾ മാത്രമേ സത്യബോധം തെളിഞ്ഞുവിളങ്ങുകയുള്ളൂ. ഇത് ജ്ഞാനിയുടെ ധർമ്മരംഗമാകുന്നു. അധികാരപ്പെട്ട ജ്ഞാനിയിലൂടെ മാത്രമേ ഈ മോചനം സാധ്യമാകുകയുള്ളൂ. അതല്ലാത്തപക്ഷം ഇത്രയേറെ യുഗങ്ങൾ ഉഗ്രമായ തമസ്സിൽക്കൂടി ലക്ഷ്യബോധമില്ലാതെ ഒഴുകിനടക്കുമായിരുന്നില്ല. അഹന്താബന്ധത്താൽ യുഗങ്ങൾക്കു മുമ്പു തുടവിച്ചു പോയ തെറ്റിൽനിന്നുണ്ടായ ധർമഭ്രംശം കർമമണ്ഡലത്തെ ചൂഴ്ന്നു നിന്ന് തെറ്റിൽനിന്നു പുതിയ തെറ്റിലേക്കു നയിച്ച സംസ്കാരവൈകല്യം തിരുത്തപ്പെടണമെങ്കിൽ അതിനുതക്ക ആത്മീയപ്രകാശം പ്രസരിച്ചെങ്കിലേ മതിയാകൂ.അതിന്റെ യുഗസന്ദർഭം ഈ കലിയിങ്കിൽ സംജാതമായിരിക്കുന്നു.

സംസ്കാരത്തിന്റെ പ്രകാശം കിഴക്കെന്നും പടിഞ്ഞാറെന്നും ഭേദമില്ലാതെ ദേശങ്ങൾക്കും കാലങ്ങൾക്കും ഇണങ്ങുന്ന തരത്തിൽ പ്രസരിക്കണം. അതിന്റെ ചാലകശക്തി നിസ്സീമമായ ദൈവകാരുണ്യമാണ്. അതു ലോകത്തിനു ലഭ്യമാകുന്നത് അധികാരിയായ ജ്ഞാനിയിൽക്കൂടിയാണ്. ശാന്തിഗിരിയുടെ പ്രസക്തി ഇവിടെയാണ്. അദ്വിതീയമായ ഒരു ആശയവും അതിന്റെ ആവിഷ്കാരത്തിനുള്ള ദൈവികമായ നിയോഗവും ഏറ്റെടുത്ത ഗുരുവിന്റെ കാരുണ്യകർമം ധർമാനുസാരിയാണ്. അതിനാൽ അതിന്റെ സാഫല്യത്തിൽ ആശങ്കയ്ക്ക് ഇടമില്ല. മനുഷ്യരാശിക്കായി ദാനം ചെയ്യപ്പെട്ടിരിക്കുന്ന ഈ കാരുണ്യകർമത്തിന്റെ സാഫല്യം നമ്മുടെ അർപ്പണബുദ്ധിയിലും സ്നേഹത്തിലും വിനയത്തിലും ദൃഢീഭവിച്ചിരിക്കുന്നു. യുഗയുഗത്തിന്റെ ആവിർഭാവം മുന്നിൽക്കണ്ടുകൊണ്ട് അതിനായുള്ള ഈ കലിയുഗത്തിലെ ഒരുക്കുകളാണ് ശാന്തിഗിരി പ്രസ്ഥാനത്തിന്റെ കർമരംഗത്ത് നടപ്പിലായിക്കൊണ്ടിരിക്കുന്നത്. സാർവലൗകികമായ സമുത്കർഷത്തിന്റെ മാർഗത്തിൽ സ്വയം സമർപ്പിതരായി മുന്നേറാനുള്ള ഈ അപൂർവ സന്ദർഭം പാഴാക്കാവുന്നതല്ല. അന്വേഷിച്ചു കണ്ടെത്തുകയും സത്യബോധം സ്വാംശീകരിച്ച് സ്വയം സമർപ്പണം ചെയ്യുകയും ചെയ്തു എന്നതാണ് മനുഷ്യരാശിക്കു വിധിവിഹിതമായ വിമോചനമാർഗ്ഗം.

# ജപ്പാൻ സംഘം ആശ്രമം സന്ദർശിച്ചു

**സ്പിരിചൽസോൺ:** ശാന്തിഗിരി ആശ്രമത്തിന്റെ ജപ്പാനിലെ പങ്കാളിയായ ഡോ. റിസെല്ല ക്ലിനിക്കിന്റെ ഉടമ തെത്സുയ ഒകുസാക്കോ മാർച്ച് 13ന് ആശ്രമം സന്ദർശിച്ചു. സന്ന്യാസിമാരുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. അദ്ദേഹത്തോടൊപ്പം ഭാര്യ ക്യോകൊ ഒകുസാക്കോയും കമ്പനിയുടെ ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. ആശ്രമത്തിലെയൂണിറ്റുകളും സംഘം സന്ദർശിച്ചു.



ജപ്പാൻ സംഘം ആശ്രമം സന്ദർശിച്ചപ്പോൾ


ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി ഡോ. എ. സമ്പത്ത് എം. പി. ആശ്രമം സന്ദർശിച്ചപ്പോൾ



കന്യാകുമാരി സ്റ്റെല്ലാ മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസിൽ നടന്ന പരിശീലനപരിപാടി സ്വാമി മുക്തചിത്തൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

## നീറ്റ് ക്രാഷ് കോഴ്സ്

**എജ്യുക്കേഷൻസോൺ :** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ നീറ്റ് ക്രാഷ് കോഴ്സ് ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നു. ഷൈൻ ഇന്ത്യ അക്കാദമിയുമായി ചേർന്നാണ് ക്ലാസ് സംഘടിപ്പിച്ചിരിക്കുന്നത്. സമയം രാവിലെ 9.30 മുതൽ 4.30 വരെ. ദിവസേനയുള്ള യൂണിറ്റ് ടെസ്റ്റ്, മോഡൽ എക്സാം എന്നിവ ഈ കോഴ്സിന്റെ പ്രത്യേകതയാണ്. ഫോൺ : 8113925007, 8111882399.

## ഡോക്ടറേറ്റ് നേടി

**എറണാകുളം :** കൊച്ചി സർവകലാശാലയിൽ നിന്ന് മറൈൻസയൻസിൽ പി.ആർ.ജയചന്ദ്രൻ പി.എച്ച്.ഡി. നേടി. ആർട്ടിക്കിലെ കാലാവസ്ഥാവ്യതിയാനംകൊണ്ട് ജീവികളിലുണ്ടാകുന്ന മാറ്റത്തെപ്പറ്റി പഠിക്കുന്ന ഇന്ത്യൻ സംഘത്തിലെ അംഗമാണ്. തെക്കൻപറവൂർ ശാന്തിമന്ദിരത്തിൽ എൻ.പി.രാജകുമാറിന്റേയും പി.രേണുകയുടേയും മകനാണ്. സഹോദരൻ വിശുദ്ധൻ പി.ആർ. ആശ്രമം ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിൽ സേവനം ചെയ്യുന്നു.


പി.ആർ.ജയചന്ദ്രൻ

## പുല്ലാങ്കുഴൽ ക്ലാസ്സ്

**റിസർച്ച് സോൺ:** ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിൽ പുല്ലാങ്കുഴൽ ക്ലാസ്സ് ഉടൻ ആരംഭിക്കുന്നു. താത്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക : 8111975007

# ലോകവനിതാദിനം ആചരിച്ചു

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി മെഡിക്കൽ സർവ്വീസസിന്റെ ആഭിമുഖ്യത്തിൽ രാജ്യത്തുടനീളമുള്ള എല്ലാ ആയുർവേദ, സിദ്ധ ആശുപത്രികളിലും മാർച്ച് 8ന് വനിതാദിനം ആചരിച്ചു.

സ്ത്രീകളുടെ സമ്പൂർണ്ണ ആരോഗ്യത്തിന് വേണ്ട മുൻകരുതലുകൾ, ജീവിതശൈലീരോഗങ്ങൾ എങ്ങനെ ഒഴിവാക്കാം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ, ക്യാമ്പുകൾ, ഭവന സന്ദർശനങ്ങൾ, ബോധവത്കരണക്ലാസ്സുകൾ എന്നിവ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു.



ശാന്തിഗിരി സുഖം തരും പുടവ യൂണിറ്റിന് പോത്തൻകോട് സെന്റ് ജോൺസ് സ്കൂൾ, പള്ളിപുറം മോഡൽ സ്കൂൾ എന്നിവിടങ്ങളിൽ നിന്നും സ്കൂൾ യൂണിഫോമിന്റെ സ്റ്റിച്ചിംഗ് ഓർഡർ ലഭിച്ചപ്പോൾ.

## അവാർഡ് നേടി


ഡോ.ശാലിനി അജി

**കോട്ടയം :** മികച്ച വനിതാസംരഭകയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ നവാംഗന അവാർഡ് ഡോ.ശാലിനി അജി നേടി. വനിതാദിനാഘോഷസമാപനസമ്മേളനത്തിൽ വച്ച് ആരോഗ്യവകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചറാണ് അവാർഡ് സമ്മാനിച്ചത്. ആയുർവേദ നാച്യുറോപ്പതി രംഗത്തെ സംഭാവനകളെ പരിഗണിച്ചാണ് അവാർഡ് നൽകിയത്. ശാന്തിഗിരി ആയുർവേദ ആന്റ് സിദ്ധ വൈദ്യശാല പാമ്പാടി ഏജൻസിയിലെ ഡോ. അജി എം.എം ഭർത്താവാണ്.






## ദിവംഗതരായി


ആർ. രാജൻ

**നെടുമങ്ങാട് :** പഴകുറ്റി കൊല്ലങ്കാവ് ശാന്തിഭവനിൽ ആർ. രാജൻ (77) മാർച്ച് 13 ന് ദിവംഗതനായി. നെടുമങ്ങാട് ഏരിയയിലെ ആദ്യകാല ആത്മബന്ധുക്കളിൽ ഒരാളാണ്. രാജേഷ് ബേക്കറി ഉടമയാണ്. സംസ്ക്കാരം നടന്നു. ഭാര്യ : രാധ, മക്കൾ:രാജേഷ് ആർ. ആർ., രാജീവ് ആർ. ആർ, ദിവംഗതനായ രാജ്ലാൽ ആർ. ആർ.


ജോസഫ് എം. എം

**കോട്ടയം :** കുറുപ്പുന്തറ അറയത്തുപുത്തൻപുരയ്ക്കൽ ജോസഫ് എം. എം. (61) മാർച്ച് 16 ന് ദിവംഗതനായി. ശാന്തിഗിരി ഇഗ്നോ കമ്യൂണിറ്റി കോളേജ് വൈസ് പ്രിൻസിപ്പാളായിരുന്നു. ഭാര്യ : ലിസമ്മ തോമസ് (പ്രൂഫ് റീഡർ, കമ്യൂണിക്കേഷൻസ് ഡിപ്പാർട്ടുമെന്റ്, ശാന്തിഗിരി ആശ്രമം). മക്കൾ : മെർലിൻ ജോസഫ്, ജിസ്മേരി ജോസഫ്



കുമ്മനം രാജശേഖരൻ സഹകരണമന്ദിരത്തിൽ

# കുമ്മനം രാജശേഖരൻ ആശ്രമം സന്ദർശിച്ചു

**സ്പിരിചൽ സോൺ :** മുൻ മിസ്സോറാം ഗവർണർ കുമ്മനം രാജശേഖരൻ മാർച്ച് 13ന് ആശ്രമം സന്ദർശിച്ചു. പ്രാർത്ഥനാലയം, പർണ്ണശാല, സഹകരണമന്ദിരം എന്നിവിടങ്ങളിൽ സന്ദർശിച്ച ശേഷം ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വിയുമായി കൂടിക്കാഴ്ച നടത്തി.



അനിൽ ചേർത്തലയ്ക്ക് എസ്. കെ പൊറ്റെക്കാട് പുരസ്ക്കാരം മന്ത്രി ടി. പി രാമകൃഷ്ണൻ സമ്മാനിക്കുന്നു

# ട്രെയിനിംഗ് സംഘടിപ്പിച്ചു

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ ഭരണവിഭാഗം ചുമതലക്കാർക്കും മാർക്കറ്റിംഗ് എക്സിക്യൂട്ടീവുകൾക്കുമായി മാർച്ച് 7,8 തീയതികളിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ വച്ച് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. എസ്.എച്ച്.ആർ.ഒ. ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. ഈ സാമ്പത്തികവർഷത്തിൽ സെന്ററുകളിൽ മികവാർന്ന പ്രവർത്തനം നടത്തുന്നതിന് ചുമതലക്കാരെ മാനസികമായി പ്രാപ്തരാക്കുകയായിരുന്നു ട്രെയിനിംഗിന്റെ ലക്ഷ്യം. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്മെന്റ് ഇൻചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സൈനാപ്സ് ഇൻസ്റ്റിറ്റ്യൂട്ട് ട്രെയിനർ അരുൺരവി, റ്റി.എസ്.പത്മജൻ എന്നിവർ ക്ലാസ് നയിച്ചു. സ്പെഷ്യാലിറ്റി ക്ലിനിക്കിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോ.ബി.രാജ്കുമാറും മാർക്കറ്റിംഗ് പ്ലാനിനെക്കുറിച്ച് ആർ. ഹരീഷും സ്റ്റാഫ് മാനേജ്മെന്റിനെക്കുറിച്ച് എസ്.ബി.രാജീവും വിശദമാക്കി. കെ.വേലായുധൻ, ബി.ഭദ്രൻ എന്നിവർ ആശംസകൾ നേർന്നു. ട്രെയിനിംഗിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.



എസ്.എച്ച്.ആർ.ഒ. പരിശീലനപരിപാടിക്ക് തുടക്കം കുറിക്കുന്നു

# ഇ.എസ്.ഐ. മെഡിക്കൽ ക്യാമ്പ്

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ ഡിവിഷനും ഇ.എസ്.ഐ. കോർപ്പറേഷനും ചേർന്ന് ഇ.എസ്.ഐ. അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സൗജന്യ വൈദ്യപരിശോധനയും മരുന്ന് വിതരണവും നടത്തുന്നു. മാർച്ച് 19 രാവിലെ 10 മണിമുതൽ 1 മണി വരെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ വച്ചാണ് ക്യാമ്പ് സംഘടിപ്പിച്ചിരുന്നത്. ഫിസിഷ്യൻ, സർജൻ, ഓർത്തോ, ഇ.എൻ.റ്റി., കണ്ണ് സ്പെഷ്യലിസ്റ്റുകൾ ക്യാമ്പിൽ പങ്കെടുക്കുന്നതാണ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ കൃത്യം 9 മണിക്ക് സിദ്ധ മെഡിക്കൽ കോളേജിൽ എത്തി രജിസ്ട്രേഷൻ നടത്തി ടോക്കൺ കൈപ്പറ്റേണ്ടതാണ്. അംഗങ്ങൾ അവരുടെ ഇ.എസ്.ഐ. ഐ.ഡി. കാർഡുകൾ കൊണ്ടുവരേണ്ടതാണ്. വിവരങ്ങൾക്ക് : 8111882401

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി

സൂര്യാഘാതം




ഗുരുചരണം ശരണം

ഫേവറിറ്റ് ബേക്ക്സ്

ഹോം മെയ്ഡ് കേക്കുകൾ

ജന്മദിനം, വിവാഹവാർഷികം, ഗൃഹപ്രവേശം തുടങ്ങിയ എല്ലാ ആഘോഷങ്ങൾക്കും മുൻകൂർ ഓർഡർ പ്രകാരം രുചികരമായ ഹോം മെയ്ഡ് കേക്കുകൾ തയ്യാറാക്കി നൽകുന്നു



മുട്ട ചേർക്കാത്ത കേക്കുകളും ലഭ്യമാണ്

ഫോൺ: 8075892911, 8547905596

ശാന്തിഗിരി ജംഗ്ഷൻ, നിയർ ബാങ്ക് ഓഫ് ബറോഡ


## ട്രെയിനിംഗ്

**സ്പിരിചൽ സോൺ :** സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കും ഹൈദ്രാബാദിൽ നിന്നെത്തിയ രണ്ട് പരിശീലകർക്കും ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 14ന് പരിശീലനം നൽകി. സ്ട്രെസ് മാനേജ്മെന്റിനെ കുറിച്ച് ഡോ. കെ.ആർ.എസ് നായർ ക്ലാസ് നയിച്ചു. എൻ. ശ്രുതിയുടെ യോഗ പരിശീലനക്ലാസും ഉണ്ടായിരുന്നു.



ആശ്രമം അക്കൗണ്ടന്റ്മാർക്കായി സംഘടിപ്പിച്ച ജി. എസ്. ടി പരിശീലന ക്ലാസ്സ്


Indias most energy efficient fan - Gorilla

Exclusive Sales Outlet




വിശദവിവരങ്ങൾക്ക് സന്ദർശിക്കുക

**Aspire energy solutions**

Opp. Santhigiri Vegetable Stall

Santhigiri P O, Pothencode - 695589

Ph : 9846107398, 8089907658

പ്രത്യേകതകൾ

**Super energy efficient BLDC Motor**

വൈദ്യുതി ഉപയോഗത്തിലുണ്ടാകുന്ന 65 % ത്തോളമുള്ള കുറവ്. പ്രതിവർഷം 1500 രൂപവരെ ലാഭം ഉണ്ടാക്കുന്നു. പരമാവധി സ്പീടിൽ 28 വാട്ട്സ് മാത്രം കറന്റ് ഉപയോഗിക്കുന്നു

**Timer Sleep boost mode option** ഉള്ള

**Smart Remort**

ഇൻവെർട്ടറിൽ സാധാരണ ഫാനിനെ അപേക്ഷിച്ച് മൂന്ന് ഇരട്ടി സമയം പ്രവർത്തിപ്പിക്കാം

3 വർഷത്തെ ഓൺ സൈറ്റ് വാറന്റി



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala